# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കോടിക്കുളം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**ഇടുക്കി-685584**

**ഇ-മെയിൽ: doidk.ksad@kerala.gov.in**
**ഫോൺ : 04862-227332**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./പി4/937/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 28/09/2024
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോടിക്കുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഐ.ഡി.കെ./ പി4/937/2024 തീയ്യതി: 28/09/2024

# ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 24-07-2023 മുതൽ 11-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 17-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി കെ | ഡെപ്യൂട്ടി ഡയറക്ടർ | 12-08-2024 | 17-08-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-08-2024 | 17-08-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ടി എസ് ധനജയൻ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.എം. എസ് രാജീവ്,ഓഡിറ്റ് ഓഫീസർ
ശ്രീ. ജോസഫ് ചാക്കോ, അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി അനിറ്റ പി സാമുവൽ, അസി.ഓഡിറ്റ് ഓഫീസർ.
ശ്രീമതി സ്വപ്ന വി, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സുരേഷ് ബാബു ടി വി | പ്രസിഡന്റ് | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീ. ഷാജു മാത്യു | സെക്രട്ടറി | 01-04-2023 | 20-03-2024 |
| ശ്രീ. മുജീബ് പി. കെ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 21-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ഹരി ആർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| ശ്രീമതി സിമോണി ജോസ് | കൃഷി ഓഫീസർ | 01-04-2023 | 07-05-2023 |
| ശ്രീ ആനന്ദ് വിഷ്ണു പ്രസാദ് | കൃഷി ഓഫീസർ | 08-05-2023 | 31-03-2024 |
| ശ്രീമതി ജൂലി എം ജോസഫ് | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2023 | 10-10-2023 |
| ശ്രീമതി ബിന്ദു ബി എ | ഐ സി ഡി എസ് സൂപ്പർവൈസർ | 11-10-2023 | 31-03-2024 |
| ശ്രീമതി ഷാജിത മീരാൻ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി മോളി റ്റി. ബി. | ഹെഡ്മിസ്ട്രസ് | 01-04-2023 | 31-05-2023 |
| ശ്രീമതി പി. കെ. വഹീദ | ഹെഡ്മിസ്ട്രസ് | 01-06-2023 | 01-06-2023 |
| ശ്രീ അബ്ദുൾ ഖാദർ കെ. എസ്. | ഹെഡ്മാസ്റ്റർ | 02-06-2023 | 31-03-2024 |
| ഡോ. ക്ലിന്റ് സണ്ണി | വെറ്ററിനറി സർജൻ | 01-04-2023 | 31-03-2024 |
| ശ്രീ സുധീഷ് എം. പി. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. സാം വി .ജെ. | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി | 01-04-2023 | 31-03-2024 |
| ഡോ. സാം വി .ജെ. | മെഡിക്കൽ ഓഫീസർ (എഫ് എച്ച് സി ) | 01-04-2023 | 31-03-2024 |
| ഡോ. ജെസ്സി തോമസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2023 | 31-03-2024 |
| ഡോ. വിജിത കുറുപ്പ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-03-2024 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല . | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല . | 1-1-3 |
| 5 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല. | 1-1-4 |
| 6 | തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-5 |
| 7 | വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു. | 1-1-6 |
| 8 | തേയ്മാനം-വർക്ക്ഷീറ്റുകൾ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല. | 1-1-8 |
| 10 | ബജറ്റ് | 1-2 |
| 11 | ഗ്രാന്റ് വിനിയോഗം | 1-3 |
| 12 | പദ്ധതി അവലോകനം | 1-4 |
| 13 | ദേശീയ ഗ്രാമീണ തോഴിലുറപ്പ് പദ്ധതി | 1-5 |
| 14 | ക്ഷേമ പെൻഷനുകൾ | 1-6 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 16 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 17 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-9-1 |
| 18 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല | 1-9 |
| 19 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു | 1-10 |
| 20 | വസ്തുനികുതി നിർണ്ണയം- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല | 1-11 |
| 21 | ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 1-12 |
| 22 | വാടക-കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-13 |
| 23 | PWD ഇലക്ട്രിക്കൽ വിഭാഗം- നിക്ഷേപം | 1-14(1) |
| 24 | വാട്ടർ അതോറിറ്റി നിക്ഷേപം | 1-14(2) |
| 25 | മുൻകൂറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 1-15 |
| 26 | പരസ്യ ബോർഡുകൾ നീക്കം ചെയ്യൽ- ഫൈൻ ഈടാക്കിയില്ല. | 1- 16 |
| 27 | മരം മുറിക്കൽ - അഡ്വാൻസ് തുക ക്രമീകരിക്കാത്തത്. | 1-17 |
| 28 | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ - പദ്ധതി പൂർത്തീകരിച്ചില്ല | 1-18 |
| 29 | എഫ്.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-19 |
| 30 | വാട്ടർ ചാർജിനത്തിൽ കുടിശിക നിലനിൽക്കുന്നത് | 1-20 |
| 31 | ജനറൽ കമ്മറ്റി മിനിട്ട്സ് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല. | 1-21 |
| 32 | തെരുവ് വിളക്ക് സ്ഥാപിക്കൽ. അപാകതകൾ | 1-22 |
| 33 | ഓഡിറ്റ് ഇംപാക്റ്റ് | 1-23 |
| 34 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ഒഴിവാക്കപ്പെട്ട ഗുണഭോക്താവിന്റെ വിഹിതം തിരികെ ലഭിച്ചില്ല. | 1-24 |
| 35 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സാധനസാമഗ്രികളുടെ സമാഹരണം- വാങ്ങൽ ബില്ലുകളിൽ നിന്നും ജി എസ് ടി, ടി ഡി എസ് നടത്തിയതിൽ അപാകത | 1-25 |

| | | |
|---|---|---|
| 36 | ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഇ ടെണ്ടർ ഫീ ലഭിച്ചിട്ടില്ല- മാനുവൽ ടെണ്ടർ ഫീ തൊഴിലുറപ്പ് കണക്കിൽ കൂട്ടിയിട്ടില്ല. | 1-26 |
| 37 | കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു. | 1-27 |
| 38 | ഇ ടെണ്ടർ ഫീ- പഞ്ചായത്ത് കണക്കിൽ ലഭിച്ചിട്ടില്ല | 1-28 |
| 39 | വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ | 1-29 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സംയുക്ത പദ്ധതികൾ | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ-വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ട് | 4-7 |
| 8 | ചാർജ്/സർചാർജ്ജ് നടപടിയിലൂടെ തുക ഒടുക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1) 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 2011 KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 11.06.2024 -ലെ 4(1) നം. കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 14.06.2024 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും, 31.03.2024 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ, വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകളും പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളുടെയും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി **കോടിക്കുളം ഗ്രാമ പഞ്ചായത്തിന്റെ** 2023-24 വർഷത്തെ വാർഷിക സാമ്പത്തിക

പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

തൊടുപുഴ
28.09.2024.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## 1-1-1 അക്കൗണ്ടിംഗ് ചട്ടപ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല .

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2) (എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള തൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

കൃഷ് ഫ്ലോ പത്രികയിലെ Net Increase In Cash And Cash Equilance ആയി രേഖപ്പെടുത്തിയ തുകയും ഇതേ പത്രികയിലെ Net Cash Generate By Operating + Investing + Financing Activity ആയി രേഖപ്പെടുത്തിയ തുകയും തുല്യമല്ല.

| | |
|---|---|
| Net Increase In Cash And Cash Equilance | (-) 103270 |
| Net Cash Generated By Operationg + Investing + Financial Activity | (-) 55951 |

## 1-1-3 ആസ്തികളുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല .

6/07/2011-ലെ ജി.ഒ. (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി സ്ഥാപനത്തിലെ ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ആസ്തികളുടെ കൃത്യമായ മൂല്യം വാർഷിക കണക്കിൽ നിശ്ചിത ശീർഷകങ്ങളിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

## 1-1-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

ബാലൻസ് ഷീറ്റ് ബി-7 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ഇലക്ഷൻ ഡെപ്പോസിറ്റ് ₹18000/- പോലെയുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

## 1-1-5 തനതു വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തിലെ പ്രധാന വരവിനങ്ങൾക്ക് യഥാസമയം അക്രൂവൽഅടിസ്ഥാനത്തിൽ ഡിമാന്റ് എൻട്രികൾ നൽകുന്നില്ല. അക്രു ചെയ്യുന്ന നികുതികൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തേണ്ടതാണെങ്കിലും അപ്രകാരം ചെയ്യുന്നില്ല.

## 1-1-6 വരവ് തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

1. ലൈഫ് ഭവന പദ്ധതിക്കായി ലോൺ എടുത്ത് ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്ന തുകയ്ക്ക് ലഭിച്ച പലിശ ₹1977/- തെറ്റായ ശീർഷകത്തിൽ ഉൾപ്പെടുത്തിയത് മൂലം ബാധ്യതയായി കാണിച്ചിരിക്കുന്നു. തിരച്ചടയ്ക്കാനവശേഷിക്കുന്ന തുക രജിസ്റ്റർ പ്രകാരം ₹7158884/- എന്നാൽ വാർഷിക ധനവിവരപത്രിക പ്രകാരം ₹ 7160861/-

2. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിക്കായി തൻ വർഷം വരവ് വന്ന തുക ₹13546653/- മാത്രമാണ്. എന്നാൽ മുൻവർഷ നീക്കിയിരുപ്പായ ₹472369/- ഒരിക്കൽ കൂടി വരവിലെടുത്തതുമൂലം ആകെ വരവ് ₹14019022/ -ആയി മാറിയിരിക്കുന്നു. I-14 ആകെ ചെലവ് തുക 14019022/ – ആണ് എന്നാൽ നീക്കിയിരുപ്പിൽ തുകയൊന്നും അവശേഷിക്കുന്നുമില്ല.

**1-1-7 തേയ്മാനം-വർക്ക്ഷീറ്റുകൾ സൂക്ഷിക്കുന്നില്ല.**

തേയ്മാനം നിശ്ചിത നിരക്കിലാണോ കണക്കാക്കിയിരിക്കുന്നത് എന്നതിനുള്ള വർക്ക്ഷീറ്റുകൾ സൂക്ഷിക്കുന്നില്ല. ആയതിനാൽ I-17(A) ലെ തുകകളുടെ കൃത്യത പരിശോധിക്കാനായില്ല.

**1-1-8 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല.**

തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തിട്ടില്ല. ഹെൽത്ത് ഗ്രാന്റിൽ നിന്ന് കോടിക്കുളം ഫാമിലി ഹെൽത്ത് സെന്ററിനായി പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ വിംഗിൽ ഡെപ്പോസിറ്റ് ചെയ്ത തുക ₹99800/- ബാലൻസ് ഷീറ്റിലെ B-18 ഷെഡ്യൂളിൽ പ്രതിഫലിക്കുന്നില്ല. (ഖണ്ഡിക 1-14(1) കണ്ടാലും)

**1-2 ബജറ്റ്**

2023-24 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് 30.03.2023 ലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം നേടി. ബജറ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | 2023-24-ലെ ബജറ്റ് | 2023-24- ലെ പരിഷ്കരിച്ച ബജറ്റ് |
|---|---|---|
| ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകാരം | ലെ 18/03/2023ലെ 1-ാം നമ്പർ തീരുമാനം | 02.02.2024 ലെ നമ്പർ തീരുമാനം |
| പഞ്ചായത്ത് കമ്മിറ്റിയിൽ അംഗീകാരം | 30.03.2023 ലെ 1(1) -ാം നമ്പർ തീരുമാനം | 07.02.2024 ലെ 6(1)-ാം നമ്പർ തീരുമാനം |
| മുന്നിരിപ്പ് (₹) | 5168617 | 5168617 |
| വരവ് (₹) | 125255276 | 134407860 |
| ആകെ വരവ് (₹) | 130423893 | 139576477 |
| ആകെ ചെലവ് (₹) | 126188226 | 136110070 |
| നീക്കിയിരുപ്പ് (₹) | 4235667 | 3466407 |

**1-3 ഗ്രാന്റ് വിനിയോഗം**

| **ഫണ്ടിനം** | **മുന്നിരിപ്പ്₹** | **അലോട്ട്മെന്റ്/ വരവ് ₹** | **ആകെ₹** | ചെലവ്₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-പൊതു വിഭാഗം | 0 | 11429550 | 11429550 | 8825611 | 2603939 |
| വികസന ഫണ്ട്-എസ്.സി.പി. | 0 | 1686000 | 1686000 | 1436413 | 249587 |
| സംരക്ഷണ ഗ്രാന്റ്-റോഡ് | 0 | 3878000 | 3878000 | 3878000 | 0 |
| സംരക്ഷണ ഗ്രാന്റ്-റോഡിതരം | 0 | 4127400 | 4127400 | 3631827 | 495573 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺറ്റൈഡ് ) | 66365 | 1991020 | 2057385 | 2014987 | 42398 |
| കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ് ഗ്രാന്റ്) | 2548455 | 1434000 | 3982455 | 2978454 | 1004001 |

| | | | | | |
|---|---|---|---|---|---|
| മറ്റ് പദ്ധതികൾ (320100102)( KWA ഡെപ്പോസിറ്റ് വർക്ക് – തിരികെ വന്ന തുക) | 66816 | 0 | 66816 | 0 | 66816 |
| സ്വച്ച് ഭാരത് അഭിയാൻ (320100174) | 0 | 312000 | 312000 | 312000 | 0 |
| ഐ.സി.ഡി.എസ്. ഡെവലപ്പ്മെന്റ് സ്കീം (320100196) | 122185 | 510304 | | 240301 | 392188 |
| ഹെൽത്ത് ഗ്രാന്റ് -ഡയഗനോസ്റ്റിക് ഇൻഫ്രാസ്ട്രക്ച്ചർ (320100202) | 147653 | 671274 | 818927 | 474215 | 344712 |
| ഹെൽത്ത് ഗ്രാന്റ് – ഹെൽത്ത് ആന്റ് വെൽനസ് സെന്ററേസ് (320100204) | 32662 | 296429 | 329091 | 198297 | 130794 |
| മറ്റ് ഗ്രാന്റ് (320200399) | 200934 | 406232 | 607166 | 381750 | 225416 |
| മറ്റ് ഗ്രാന്റ് (320300199) | 1180672 | 3100000 | 4280672 | 2380000 | 1900672 |
| മറ്റ് ബാദ്ധ്യതകൾ-സംയുക്ത പദ്ധതികൾ (320700204) | 316136 | 0 | 316136 | 0 | 316136 |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾ-ആയുർവേദം (320200207) | 500000 | 0 | 500000 | 430551 | 69449 |
| സാക്ഷരത (320100197) | 17141 | 688 | 17829 | 20 | 17809 |
| ശുചിത്വമിഷൻ (320100198) | 1009490 | 166690 | 1176180 | 190953 | 985227 |

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺഡർടൈഡ്& ടൈഡ്) മുൻ വർഷ റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരുപ്പ് മുൻവർഷ അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരുപ്പുമായി വ്യത്യാസം കാണുന്നു. വാർഷികണക്ക് പ്രകാരമുള്ള മുന്നിരുപ്പാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. വികസന ഫണ്ട്-പൊതു വിഭാഗത്തിന്റെ ചെലവ് ശതമാനം 77.21% മാത്രമാണ്. 2.78% ലാപ്സായിരിക്കുന്നു. ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ലഭിച്ച പലിശ ₹79020/- ഉൾപ്പെടെയുള്ള തുകയാണ് ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺടൈഡ്) വരവായി ഉൾപ്പെടുത്തിയിരിക്കുന്നത്.

## 1-4 പദ്ധതി അവലോകനം

2023-24 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| 184 | 74670664 | 119 | 33792918 | 45.25 |

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | അടങ്കൽ ₹ | ചെലവ്₹ | ചെലവ് ശതമാനം | ആകെ പദ്ധതികൾ | നടപ്പാക്കിയത് |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 15343179 | 7955604 | 51.85 | 67 | 38 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 3493100 | 2248884 | 64.38 | 5 | 3 |
| കൃഷി ഓഫീസർ | 1889298 | 918271 | 48.60 | 7 | 7 |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 4600000 | 1052836 | 22.89 | 1 | 1 |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ - ആയുർവേദം | 990000 | 974875 | 98.47 | 5 | 5 |
| മെഡിക്കൽ ഓഫീസർ - എഫ്.എച്ച്.സി | 3107341 | 1993047 | 64.14 | 10 | 10 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 457000 | 451425 | 98.78 | 4 | 4 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -1 | 32209500 | 11477297 | 35.63 | 20 | 16 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2 | 482030 | 331980 | 68.87 | 2 | 2 |
| വെറ്ററിനറി സർജൻ | 3970000 | 1559483 | 39.28 | 5 | 4 |
| സെക്രട്ടറി | 6546216 | 3628071 | 55.42 | 44 | 16 |
| ഹെഡ്മാസ്റ്റർ | 1583000 | 1200525 | 75.84 | 14 | 13 |

## 1-5 ദേശീയ ഗ്രാമീണ തോഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 473767 | 864199 | 1337966 | 1337966 | 0 |
| അവിദഗ്ദ്ധ തൊഴിലാളി വേതനം | 0 | 9168080 | 9168080 | 9168080 | 0 |
| വിദഗ്ദ്ധ തൊഴിലാളി വേതനം | 0 | 1027370 | 1027370 | 1027370 | 0 |
| സാധന സാമഗ്രികളുടെ സമാഹരണം | 0 | 2485606 | 2485606 | 2485606 | 0 |
| ആകെ | 473767 | 13545255 | 14019022 | 14019022 | 0 |

യഥാർത്ഥ കണക്ക് ഇപ്രകാരമായിരിക്കെ മുന്നിരിപ്പ് പരിഗണിക്കാതെ ആയത് കൂടി ഉൾപ്പെട്ട ₹14019022/- ആണ് ഷെഡ്യൂൾ I-6 ൽ വരവായി എടുത്തിട്ടുള്ളത്. ഓഡിറ്റ് എൻക്വയറി നം.20 തീയതി 17.08.2024 ന് ലഭിച്ച മറുപടിയിലൂടെ ഈ അപാകതയ്ക്ക് വ്യക്തത വരുത്തിയിട്ടുണ്ട്.

## 1-6 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് വിതരണം നടത്തിയ വിവിധ ക്ഷേമ പെൻഷനുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 13,654,800.00 | 1341 |
| കർഷക തൊഴിലാളി പെൻഷൻ | 1,260,800.00 | 105 |
| വിധവാ പെൻഷൻ | 4,160,600.00 | 382 |
| 50 വയസിന് മുകളിൽ പ്രായമായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 425,000.00 | 40 |
| വികലാംഗ പെൻഷൻ | 1,495,300.00 | 133 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.08.2024 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

പരിശോധനയിൽ ₹4033/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

പതിമൂന്നംഗ സമിതിയാണ് ഗ്രാമ പഞ്ചായത്തിന്റെ ഭരണ നിർവ്വഹണം നടത്തുന്നത്. കൃത്യമായ ഇടവേളകളിൽ കമ്മറ്റികൾ നടക്കുന്നുണ്ട്. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളും കൃത്യമായി യോഗം ചേർന്ന് തീരുമാനങ്ങളെടുക്കുന്നുണ്ട്. വർക്കിംഗ് ഗ്രൂപ്പുകൾ വർഷത്തിൽ ഒരുതവണ മാത്രമാണ് കൂടുന്നത്. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നില്ല.

ജനറൽ കമ്മറ്റി മിനിട്ട്സ് സമയബന്ധിതമായി ക്ലോസ് ചെയ്യുന്നില്ല. മിനിട്ട് ക്ലോസ്ചെയ്യാൻ മാസങ്ങളെടുക്കുന്നു. വരവു -ചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. ബജറ്റ്,ധനകാര്യ പത്രിക എന്നിവയും തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ട്സ് മാന്വൽ ആയിട്ടാണ് നിലവിലും തയ്യാറാക്കുന്നത് .

ഗ്രാമപഞ്ചായത്തിന്റെ ഉദ്യോഗസ്ഥ ഘടനയിൽ സെക്രട്ടറി, അസി.സെക്രട്ടറി, 2 ഹെഡ് ക്ലാർക്ക്മാർ, രണ്ട് സീനിയർ ക്ലാർക്കുമാർ, മൂന്ന് ക്ലാർക്കുമാർ, ഓഫീസ് അറ്റന്റന്റ്, പാർട്ട് ടൈം സ്വീപ്പർ എന്നിവർ ഉൾപ്പെടുന്നു.

ജീവനക്കാരുടെ ചുമതലകൾ ഓഫീസ് ഉത്തരവ് മുഖേന കൃത്യമായി വിഭജിച്ച് നൽകിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനം തൃപ്തികരമാണ്.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ബിൽ രജിസ്റ്റർ, വൗച്ചറുകൾ, മൂൻകൂർ രജിസ്റ്റർ തുടങ്ങിയവയുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. എന്നാൽ ഡിമാന്റ് രജിസ്റ്ററുകൾ, വായ്പ രജിസ്റ്റർ എന്നിവ കൈകാര്യം ചെയ്യുന്നതിൽ വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്. തെരുവു വിളക്ക് രജിസ്റ്റർ, പൊതുടാപ്പുകളുടെ രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നില്ല. ആയതിനാൽ തന്നെ തെരുവു വിളക്കുകളുടെയും പൊതുടാപ്പുകളുടെ ചാർജ്ജ് അടയ്ക്കുന്നതിന്റെ കൃത്യമായ കണക്ക് പഞ്ചായത്തിൽ ലഭ്യമല്ല. കെ. എസ് ഇ ബി, വാട്ടർ അതോറിറ്റി എന്നീ സ്ഥാപനങ്ങൾ ഡിമാന്റ് ചെയ്യുന്ന തുക യാതൊരു മേൽ പരിശോധനയും നടത്താതെ ഒടുക്കുക മാത്രമാണ് ചെയ്യുന്നത്. തൻവർഷം 230 തെരുവുവുളക്കുകൾ സ്ഥാപിച്ചതിന്റെ പണം മാറി നൽകിയിട്ടുണ്ടെങ്കിലും രജിസ്റ്റർ തയ്യാറാക്കി വിവരം രേഖപ്പെടുത്തിയിട്ടില്ല എന്നുമാത്രമല്ല മീറ്റർ ഘടിപ്പാക്കത്തതിനാൽ ചാർജ്ജ് ചെയ്തിട്ടില്ല. ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളൊന്നും തന്നെ കത്തുന്നില്ല എന്ന് എക്സിറ്റ് മീറ്റിംഗിൽ സെക്രട്ടറി സൂചിപ്പിച്ചിരുന്നു. എന്നാൽ തെരുവുവിളക്കിന്റെ ചാർജ്ജ് കൃത്യമായി അടക്കുന്നുണ്ട്.

വിവിധ അക്കൗണ്ടുകളുടെ പ്രതിമാസ പൊരുത്തപ്പെടുത്തലുകൾ നടത്തിയിട്ടുണ്ട്.

തനതു വരുമാനസ്രോതസുകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്.

സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ചു സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും ആയത് നാളിതുവരെ പൂർണമായിട്ടില്ല.

വാർഷിക പദ്ധതി നിർവഹണത്തിൽ ലഭ്യമായ നിർവഹണ ഉദ്യോഗസ്ഥരുടെ സേവനം വിനിയോഗിക്കാൻ ശ്രമം നടന്നെങ്കിലും പ്രവർത്തന കലണ്ടർ പാലിച്ച് നിർവഹണ പ്രക്രിയ മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞില്ല. ഗണ്യമായ പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കാനായില്ല.

ആഭ്യന്തര നിയന്ത്രണ സംവിധാനം കൂടുതൽകാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## <u>1-9-1 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല</u>

1) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വസ്തുനികുതി കണക്കുകളുടെ മുൻവർഷങ്ങളിലെ ബാലൻസ് തുകകൾ സഞ്ചയപ്രകാരമുള്ള വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

A) റസിഡൻഷ്യൽ

| | കുടിശ്ശിക തുക | |
|---|---|---|
| | തൻവർഷത്തെ തുക₹ | മുൻവർഷത്തെ തുക₹ |
| സഞ്ചയ പ്രകാരം | 90263 | 28372 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 90263 | 59788 |

B) നോൺ റസിഡൻഷ്യൽ

| | കുടിശ്ശിക തുക ₹ | |
|---|---|---|
| | തൻവർഷം | മുൻവർഷം |
| സഞ്ചയ പ്രകാരം | 143126 | 250428 |
| വാർഷിക ധനകാര്യ പത്രിക പ്രകാരം | 143127 | 251586 |

2) വാർഷിക ധനകാര്യ പത്രിക ബി -15 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി കുടിശ്ശിക ഇനത്തിൽ ആകെ (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) ₹544764/- പിരിച്ചെടുക്കുവാനുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/17.8.2024) മറുപടി ലഭ്യമായിട്ടില്ല. ക്രമ നം.1 ലെ അപാകതകൾ പരിഹരിക്കേണ്ടതും ക്രമ നം.2 ലെ കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## <u>1-9 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്തിലെ ചുവടെ കൊടുത്തിരിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | മൊബൈൽ ടവറിന്റെ പേര് /കെട്ടിട നം. | ഈടാക്കുവാനുള്ള വസ്തുനികുതി, കാലയളവ് |
|---|---|---|
| 1 | മാനേജർ, റിലയൻസ് മൊബൈൽസ് 4/128 | 25451/-, 2023 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ |
| 2 | ഇൻഡ്യൻ ടെലികോം ഇൻഫ്രാ ലിമിറ്റഡ്, കൊടുവേലി 4/131 | 7035/-, 2023 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ |
| 3 | വോഡാഫോൺ മൊബൈൽ ടവർ, വണ്ടമറ്റം,8/126 | 6876/- , 2023 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ |
| 4 | എയർടെൽ മൊബൈൽ ടവർ, വണ്ടമറ്റം 8/127 | 10546/-, 2023 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ |

| | | |
|---|---|---|
| 5 | മാനേജർ, ബി.എസ്.എൻ.എൽ മൊബൈൽ ടവർ | 55692/- 2013 ഒന്നാം അർദ്ധവർഷം മുതൽ 2023 രണ്ടാം അർദ്ധവർഷം വരെ |
| | ആകെ | 105600/- |

മേൽ മൊബൈൽ ടവറുകളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.10/14.8.2024) മറുപടി ലഭ്യമായിട്ടില്ല. മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-10 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു

വസ്തു നികുതി രജിസ്റ്റർ പ്രകാരം മാത്യു ലൂക്കോസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള 2/312 ാം - നമ്പർ വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് 147.7 ച.മീറ്റർ വിസ്തീർണ്ണമാണുള്ളത്. ടി കെട്ടിടത്തിന് 100ച.മീറ്ററിന് മുകളിലുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ വിഭാഗത്തിൽപ്പെടുത്തി 2022-2023 വരെ ച.മീറ്ററിന് 60/- രൂപ നിരക്കിലും 2023-24 ൽ ആയതിന്റെ 5% വർദ്ധനവു വരുത്തിയും വസ്തുനികുതി നിർണ്ണയിക്കേണ്ടതിനു പകരം ടി കെട്ടിടത്തിന് 100ച.മീറ്റർ വരെയുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ വിഭാഗത്തിൽപ്പെടുത്തി 2012 രണ്ടാം അർദ്ധവർഷം മുതൽ ച.മീറ്ററിന് 40/- രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിരിക്കുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.11/14.8.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് കുടിശ്ശിക തുക ഈടാക്കി രേഖകൾ ഫോം-6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. സമാന രീതിയിൽ നികുതി കുറവായി ഒടുക്കിക്കൊണ്ടിരിക്കുന്ന മറ്റ് കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്തിൽ ഉണ്ടോ എന്ന് കണ്ടെത്തുന്നതിനും അവയിൽ നിന്ന് നിയമാനുസൃത നികുതി ഈടാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വസ്തുനികുതി നിർണ്ണയം- വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് വരുത്തിയിട്ടില്ല

വസ്തു നികുതിയുമായി ബന്ധപ്പെട്ട് കെട്ടിടത്തിന്റെ പ്ലാനുകൾ പരിശോധിച്ചതിൽ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകതകൾ ശ്രദ്ധയിൽപെട്ടു. പ്ലാൻ പ്രകാരം 7 മീറ്റർ വീതിയുള്ള ചാലക്കാമുക്ക് – കൊടുവേലി റോഡിന്റെ സമീപത്തായി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയറിൽ നിർണ്ണയിച്ചപ്പോൾ റോഡ് വീതി 1.5 മീറ്ററിൽ കൂടുതൽ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 7 മീറ്റർ വീതിയുള്ള റോഡുള്ളതിനാൽ വസ്തുനികുതി നിർണ്ണയിക്കുമ്പോൾ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതാണ്. എന്നാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് വരുത്താതെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു .

| കെട്ടിട ഉടമയുടെ പേര്/നം. | ഉപയോഗക്രമം/ അടിസ്ഥാന വസ്തുനികുതി | വിസ്തീർണ്ണം | നിർണ്ണയിച്ച വാർഷിക വസ്തുനികുതി (10% ഇളവ്, 5% | നിർണ്ണയിക്കേണ്ട വാർഷിക വസ്തുനികുതി | ഈടാക്കിയതിൽ കുറവ് | വസ്തുനികുതി നിർണ്ണയിച്ച കാലയളവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | | | ലൈബ്രറി സെസ്സ് ഉൾപ്പെടെ) | (10% ഇളവ്, 20% വർദ്ധനവ്, 5% ലൈബ്രററി സെസ്സ് ഉൾപ്പെടെ) | | |
| രാജു / 5/52 A | പാർപ്പിടാവശ്യം/ 6.3 | 240.18ച.മീ | 1430 | 1748 | 318 | 2023 രണ്ടാം അർദ്ധവർഷം മുതൽ |

മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.16/16.07.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുക ഈടാക്കി രേഖകൾ ഫോം – 6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന സ്കൂളുകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ഗൾഫ് ഐഡിയൽ ഇന്റർനാഷനൽ സ്കൂൾ | 2023-24 ഒന്നും രണ്ടും അർദ്ധവർഷം |
| 2 | ഗ്ലോബൽ ഇൻഡ്യൻ പബ്ലിക് സ്കൂൾ | 2023-24 ഒന്നും രണ്ടും അർദ്ധവർഷം |

ജീവനക്കാരുടെ തൊഴിൽ നികതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻകചയറിക്ക് (നം.7/13.8.2024) ലഭ്യമായ മറുപടിയിൽ ഗ്ലോബൽ ഇൻഡ്യൻ പബ്ലിക് സ്കൂൾ 2024-25 സാമ്പത്തിക വർഷം പൂട്ടിക്കിടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗൾഫ് ഐഡിയൽ ഇന്റർനാഷനൽ സ്കൂളിന് നികുതി ഈടാക്കുന്നതിനായി നോട്ടീസ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തനതുവരുമാനം പൊതുവെ കുറവുള്ള ഗ്രാമപഞ്ചായത്തായതിനാലും 2023-24 സാമ്പത്തിക വർഷം സ്കൂൾ പൂർണ്ണമായും പ്രവർത്തിച്ചതിനാലും ബന്ധപ്പെട്ട അധികാരികൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി കുടിശ്ശിക ഈടാക്കേണ്ടതാണ്. മുകളിൽ കൊടുത്തിരിക്കുന്ന രണ്ട് സ്കൂളുകളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ് .

## 1-13 വാടക-കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

1) ഗ്രാമപഞ്ചായത്തിലെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടത്തിൽ നിന്നും തൻവർഷത്തെ വാടക പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ

ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ/ സ്ഥാപനത്തിന്റെ പേര് | പ്രതിമാസ വാടക (ജി.എസ്.ടി ഒഴികെ) | ഈടാക്കേണ്ട തുക (ജി.എസ്.ടി ഒഴികെ) | ഈടാക്കാത്ത കാലയളവ് |
|---|---|---|---|
| 5/238, മാവേലി സ്റ്റോർ | 2163/- | 826/- | 2/2024-3/2024 |

2) മുൻവർഷങ്ങളിലെ വാടക കുടിശ്ശികയിനത്തിൽ മാവലി സ്റ്റോറിൽ നിന്നും ₹1897/- യും (2019-20 ലെ ₹67/- യും 2020-21 ലെ ₹1830/-യും ഉൾപ്പെടെ) ഈടാക്കുവാനുണ്ട്. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.6/13.8.2024) ലഭ്യമായ മറുപടിയിൽ മുൻവർഷത്തെ കുടിശ്ശിക തുക ഒടുക്കുന്നതിന് സ്ഥാപനമേധാവിക്ക് പലതവണ കത്ത് നൽകിയിട്ടും തുക ഒടുക്കിയിട്ടില്ലെന്ന് അറിയിച്ചു. തൻവർഷത്തെ വാടക കുടിശ്ശിക തുകയായ ₹826/- യും ആയതിന്റെ ജി.എസ്.ടിയും ഉൾപ്പെടെയുള്ള തുകയും മുൻവർഷങ്ങളിലെ കുടിശ്ശിക തുകയായ ₹1827/-യും ഈടാക്കി രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-14(1) PWD ഇലക്ട്രിക്കൽ വിഭാഗം- നിക്ഷേപം

| പദ്ധതി നമ്പർ | TSB ചെക്ക് Details | നിക്ഷേപിച്ച തുക ₹ |
|---|---|---|
| 174/23-24, 2021-22 ഹെൽത്ത് ഗ്രാന്റ് പദ്ധതികൾ | 59BDR700473383813/3-4-24 | 99800 |

മെഡിക്കൽ ഓഫീസർ നിർവ്വണം നടത്തിയ കോടിക്കുളം കുടുംബാരോഗ്യകേന്ദ്രത്തിന്റെ ലാബിൽ ഇൻവെർട്ടർ സ്ഥാപിക്കുന്നതിന് അസി.എക്സി.എഞ്ചിനീയർ PWD ഇലക്ട്രിക്കൽ വിങ്, സബ്ഡിവിഷൻ പൈനാവ് -ന്റെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ട്രഷറി ചെല്ലാൻ മുഖേന മേൽ തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. EE, ELECTRICAL DIVISION THRISSUR നാണ് തുക നല്കിയിട്ടുള്ളത്. നാളിതുവരെ ഇൻവെർട്ടർ സ്ഥാപിച്ചിട്ടില്ല. പദ്ധതി നടപ്പാക്കി വിവരം അറിയിക്കേണ്ടതാണ്. ₹99800/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-14(2) വാട്ടർ അതോറിറ്റി നിക്ഷേപം

പ്രോജക്ടിന്റെ പേര് – പഞ്ചായത്ത് ഓഫീസിലേയ്ക്കും, വണ്ടമറ്റം സബ്സെന്ററിലേയ്ക്കും വാട്ടർ കണക്ഷൻ.

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ട് നമ്പർ | 31/24 |
| അടങ്കൽ | 300000 |
| ഫണ്ട് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| വൗച്ചർ നമ്പർ, തുക | 4300693/30.03.2024- ₹271000 |

പഞ്ചായത്ത് ഓഫീസിലേയ്ക്കും, വണ്ടമറ്റം സബ്സെന്ററിലേയ്ക്കും വാട്ടർ കണക്ഷൻ ലഭിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയിൽ മേൽ പദ്ധതി പ്രകാരം തുക നിക്ഷേപിച്ചിരിക്കുന്നു. എന്നാൽ നാളിതുവരെയായി പദ്ധതി പൂർത്തീകരിച്ചില്ല. ആയതിനാൽ ₹271000/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം നീക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 മുൻകുറുകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നത്

മുൻകൂർ രജിസ്റ്റർ, വാർഷികകണക്ക് എന്നിവ പ്രകാരം തൻവർഷം വിവിധ ആവശ്യങ്ങൾക്ക് മുൻകൂറായി നൽകിയ ₹220103/- ക്രമീകരിക്കാൻ അവശേഷിക്കുന്നുണ്ട്. കൂടാതെ, മുൻവർഷങ്ങളിൽ നൽകിയ തുകയിൽ ₹410691/- യും അവശേഷിക്കുന്നു. ഇവ ക്രമകരിച്ച് അറിയിക്കേണ്ടതാണ്. വാർഷിക കണക്കിലെ ബാലൻസ് ഷീറ്റിൽ B-18 പത്രികയിൽ അഡ്വാൻസ് ടു ഇംപ്ലിമെന്ററിംഗ് ഓഫീസർ എന്ന ഹെഡിൽ (460500501) ഉൾപ്പെട്ട തുകയാണ് ₹6030794/- ( 220103 + 410691)

| ക്രമ നം. | വൗച്ചർ നം. | തീയതി | ഇനം | തുക |
|---|---|---|---|---|
| 1 | 22300012 | 04-04-2023 | SALARY 03/2023-TA | 30995 |
| 2 | 22300050 | 02-05-2023 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ 4/2023 മാസത്തെ വേതനം | 30995 |
| 3 | 22300146 | 1-6-23 | ടെക്നിക്കൽ അസിസ്റ്റന്റിന്റെ 5/2023 മാസത്തെ വേതനം | 30995 |
| 4 | 22300424 | 11-1-2023 | Being The Remittance Of Wages-ISO Surveillance- Office Cleaning - 2263/23 | 2000 |
| 5 | 22300864 | 13-3-2024 | Advance To Implementing Officers-ISO STATIONERY PURCHASE FROM TRIVENI | 6493 |
| 6 | 22300632 | 22.12.2023 | 2023/24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രോജക്ട് നം 180/24 (ക്ലീൻ കേരളാ കമ്പനിക്ക് തുക നൽകൽ) ൽ ടി ഫണ്ട് അക്കൌണ്ടിൽ ലഭ്യമായിട്ടില്ലാത്തതിനാൽ തനതു ഫണ്ടിൽ നിന്നും 49,100/- അനുവദിക്കുന്നത് | 49100 |
| 7 | 22300059 | 18-5-2023 | KSEB – Street Light | 34418 |
| 8 | 22300099 | 18-5-2023 | KSEB – Street Light | 35107 |
| | | | | 220103 |

## 1-16 പരസ്യ ബോർഡുകൾ നീക്കം ചെയ്യൽ- ഫൈൻ ഈടാക്കിയില്ല.

പഞ്ചായത്തിലെ പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിന് Voucher No 22300162/12-06-2023 പ്രകാരം 8000/- വാഹനവാടകയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പരസ്യബോർഡുകൾ സ്ഥാപിച്ച സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.4/13.8.24-ന് നൽകിയ മറുപടിയിൽ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. താമസം വിനാ തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-17 മരം മുറിക്കൽ - അഡ്വാൻസ് തുക ക്രമീകരിക്കാത്തത്.

സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് 5/36-ാം നമ്പർ അംഗൻവാടിയുടെ മുകളിലേയ്ക്ക് അപകടകരമായി ചാഞ്ഞ് നിന്ന മരം മുറിച്ചു മാറ്റിയതിന് വൗച്ചർ നം.22300294/19.8.23 പ്രകാരം ₹2000/- ചെലവഴിച്ചിട്ടുണ്ട്. ഈ തുക പ്രസ്തുത വ്യക്തിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഈ തുക അഡ്വാൻസ് രജിസ്റ്ററിലും വാർഷിക കണക്കിൽ Other Advance (460100199) എന്ന ഹെഡിലും ഉൾപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ, മുൻവർഷത്തിൽ നടത്തിയ താഴെപറയുന്ന മരം മുറിക്കൽ പ്രവർത്തികളിൽ 7000/- തിരികെ ഈടാക്കാൻ അവശേഷിക്കുന്നതായി വാർഷിക പത്രികയിൽ Other Advance (460100199) എന്ന ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുകയും ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | 26-04-2022/22200063<br>Payment For Coconut Tree Cutting Payee: K S KRISHNAN, Type : Cheque, No : 004842, Dt. 26-04-2022) | 4,000.00 |
| 2 | 19-08-2023/22300295 വാണിയക്കിഴക്കേൽ മാത്യു വി ജോണിന്റെ ഉടമസ്ഥതയിലുള്ള നാല് റബ്ബർ മരങ്ങൾ മുറിച്ചുമാറ്റിയ ഇനത്തിൽ ചെലവായ തുക<br>(Payee: Sebastian Joseph, Type : Cheque, No : 10005924, Dt. 17-08-2023) | 3,000.00 |

## 1-18 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ - പദ്ധതി പൂർത്തീകരിച്ചില്ല

| | |
|---|---|
| പദ്ധതി | പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകൽ (109/24) |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി.) 30000/-<br>ഗുണഭോക്തൃ വിഹിതം – 7500/-<br>-----------------------------------------------<br>ആകെ - 37500/- |
| ചെലവ് | തൻവർഷം ചെലവില്ല |
| നിർവഹണം | വി.ഇ.ഒ. |

11 പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകുന്നതിനാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതിയ്ക്കായി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത ട്രൈടെക്ക് ട്രേഡേഴ്സ്, തിരുവനന്തരപുരം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ പ്രകാരം ഒരു ടാങ്കിന് ₹2694/- നിരക്കിൽ പഞ്ചായത്ത് കമ്മറ്റിയുടെ 29.9.23-ലെ 1/4 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. അതിൻപ്രകാരം 19.2.2024-ൽ സ്ഥാപനവുമായി എഗ്രിമെന്റ് വച്ചിട്ടുണ്ട്. ഗുണഭോക്തൃവിഹിതമായി 9 പേരിൽനിന്നും ₹675/- വീതം ആകെ ₹6075/- പിരിച്ച് രസീത് നം.1230102788/30.3.24 പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ നാളിതുവരെ പദ്ധതി നടപ്പാക്കിയിട്ടില്ല. പദ്ധതി പൂർത്തിയാക്കിയതിന്റെ വിവരം അറിയിക്കേണ്ടതാണ്.

## 1-19 എഫ്.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ -മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല

| പദ്ധതി/ നമ്പർ | മുൻകൂർ നൽകിയ തുകയുടെ വിവരം<br>ബിൽ നമ്പർ /തിയതി /തുക ₹ |
|---|---|
| പദ്ധതി അടങ്കൽ – ₹500000/-<br>ചെലവ് – ₹500000/-<br>10/23-24, പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ | 23100552015401173148/6-2-24/59994<br>23100552015401173151/6-2-24/59988<br>23100552015401173150/6-2-24/23341<br>23100552015401306010/2-3-24/56202<br>23100552015401345103/11-3-24/31357<br>23100552015400926809/12.12.2023/269118 |

തൻവർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ പി.എച്ച്.സി ക്ക് മരുന്ന് വാങ്ങൽ പദ്ധതിയ്ക്കായി മേൽ തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ KMSCL -ൽ നിന്ന് ₹71885/- ന്റെ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-20 വാട്ടർ ചാർജിനത്തിൽ കുടിശിക നിലനിൽക്കുന്നത്

വാട്ടർ അതോറിറ്റിയുടെ 3/2024- ലെ ഡിമാന്റ് നോട്ടീസ് പ്രകാരം സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർചാർജിനത്തിൽ 1297344/- കുടിശിക ഒടുക്കുവാൻ അവശേഷിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.3/12.8.24 ന് നൽകിയ മറുപടിയിൽ താഴെ പറയുന്ന വിവരങ്ങൾ അറിയിച്ചിട്ടുണ്ട്.

2009 ഏപ്രിൽ മുതൽ ഒക്ടോബർ 2022 വരെയുള്ള കുടിശികയാണെന്ന് കേരള വാട്ടർ

അതോറിറ്റിയുടെ 15.11.2022-ലെ എ-42015/16 കത്ത് പ്രകാരം അറിയിച്ചിട്ടുള്ളത്. ഒടുക്കുവാൻ അവശേഷിക്കുന്ന ₹1452740/- ൽ ₹671180/- ഒറ്റത്തവണയായി ഒടുക്കി കുടിശിക ഒഴിവാക്കാമെന്ന് വാട്ടർഅതോറിറ്റി അറിയിച്ചിട്ടുണ്ട്.

എന്നാൽ പഞ്ചായത്തിന്റെ കണക്കുകൾ പ്രകാരം 2022 ഒക്ടോബർ മാസത്തെ കുടിശിക ₹143156/- മാത്രമാണെന്നും വാട്ടർ ചാർജിനത്തിൽ അടച്ച തുകകൾ വാട്ടർ അതോറിറ്റി വരവ് വയ്ക്കാത്തതുമൂലമാണ് കുടിശിക വന്നതെന്നും ഈ വിവരം വാട്ടർ അതോറിറ്റിയെ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ മറുപടി ലഭിച്ചിട്ടില്ലെന്നും എൻക്വയറിയുടെ മറുപടിയിൽ പറയുന്നു.

കുടിശിക സംബന്ധിച്ച് ഏകാഭിപ്രായം ഉണ്ടാകാത്തതിനാൽ രേഖകൾ സഹിതം നിയമാനുസൃത നടപടികൾ സ്വീകരിച്ച് കുടിശ്ശിക ഡിമാന്റ് ഒഴിവാക്കേണ്ടതും സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം കൃത്യമായി നിർണ്ണയിക്കേണ്ടതുമാണ്. സ്ട്രീറ്റ് ടാപ്പുകളുടെ രജിസ്റ്റർ യഥാവിധി സൂക്ഷിക്കേണ്ടതുമാണ്.

## 1-21 ജനറൽ കമ്മറ്റി മിനിട്ട്സ് സമയ ബന്ധിതമായി പൂർത്തീകരിക്കുന്നില്ല.

1995-ലെ കേരള പഞ്ചായത്ത് രാജ് (യോഗ നടപടിക്രമം) ചട്ടങ്ങളിലെ ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം യോഗനടപടിക്കുറിപ്പുകളുടെ നക്കൽ സെക്രട്ടറി തയ്യാറാക്കി യോഗം കഴിഞ്ഞ് മൂന്ന് ദിവസത്തിനുള്ളിൽ അദ്ധ്യക്ഷന്റെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി തയ്യാറാക്കിയ യോഗ നടപടിക്കുറിപ്പിന്റെ നക്കൽ അദ്ധ്യക്ഷന് ലഭിച്ച് 24 മണിക്കുറിനുള്ളിൽ ആയത് പരിശോധിച്ച് വസ്തുതാപരമായി ആവശ്യമുള്ള തിരുത്തലുകൾ വരുത്തി സെക്രട്ടറിക്ക് തിരിച്ച് നൽകേണ്ടതാണ്.

അദ്ധ്യക്ഷൻ അംഗീകരിച്ച യോഗ നടപടിക്കുറിപ്പ് സെക്രട്ടറിക്ക് ലഭിച്ചാൽ ഉടൻ തന്നെ അത് മിനിട്ട്സ് ബുക്കിൽ രേഖപ്പെടുത്തി അദ്ധ്യക്ഷന്റെ ഒപ്പ് വാങ്ങേണ്ടതും അതിന്റെ പകർപ്പ് ഓഫീസ് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്.

നിലവിൽ സകർമ്മ സോഫ്റ്റ് വെയർ മുഖേനയാണ് യോഗ നടപടിക്രമങ്ങൾ രേഖപ്പെടുത്തുന്നത്. എന്നാൽ 2023-24വർഷം നടന്ന എല്ലാ യോഗങ്ങളുടെയും എല്ലാ മിനിട്ട്സുകളും പ്രസ്തുത സമയ ക്രമം പാലിക്കാതെയാണ് അഗീകരിച്ചിരിക്കുന്നത്. മിനിട്ട്സുകൾ രേഖപ്പെടുത്തി കൃത്യസമയത്ത് പ്രസിഡണ്ടിന് അയച്ച് നൽകുകയോ ലഭിച്ച മിനിട്ട്സ് പ്രസിഡണ്ട് സമയബന്ധിതമായി അംഗീകരിക്കുകയോ ചെയ്യുന്നില്ല. മൂന്ന് മാസങ്ങൾ വരെ മിനിട്ട്സ് അംഗീകരിക്കുന്നതിന് സമയമെടുത്തതായി കാണുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | യോഗ തീയതി | അംഗീകാരത്തിന് പ്രസിഡണ്ടിന് അയച്ച തീയതി | പ്രസിഡണ്ട് അംഗീകരിച്ച തീയതി |
|---|---|---|---|
| 1 | 11.04.2023 | 01.06.2023 | 01.06.2023 |
| 2 | 19.04.2023 | 01.062023 | 01.06.2023 |
| 3 | 25.08.2023 | 10.10.2023 | 10.10.2023 |

| | | | |
|---|---|---|---|
| 4 | 29.04.2023 | 01.06.2023 | 01.06.2023 |
| 5 | 29.05.2023 | 06.10.2023 | 06.10.2023 |
| 6 | 23.07.2023 | 10.10.2023 | 10.10.2023 |
| 7 | 22.08.2023 | 10.10.2023 | 10.10.2023 |
| 8 | 18.09.2023 | 02.12.2023 | 02.12.2023 |
| 9 | 13.10.2023 | 01.12.2023 | 01.12.2023 |
| 10 | 28.11.2023 | 23.02.2024 | 23.02.2024 |
| 11 | 06.03.2024 | 24.06.2024 | 24.06.2024 |

ഇത്തരത്തിൽ മിനിട്ട്സുകൾ അംഗീകരിക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കുന്നതിന് ഓഡിറ്റ് അന്വേഷണം നം.18/16.08.2024 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഇത്തരത്തിൽ കാലതാമസം വരുത്തുന്നത് തീരുമാനങ്ങളുടെ സുതാര്യതയ്ക്ക് ഭംഗം വരുത്താൻ സാധ്യതയുള്ളതിനാൽ സമയബന്ധിതമായി മിനിട്ട്സ് അംഗീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 തെരുവ് വിളക്ക് സ്ഥാപിക്കൽ. അപാകതകൾ

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് സ്ഥാപിക്കൽ |
| പ്രോജക്ട് നം | 29/24 |
| അടങ്കൽ | ₹300000 |
| വൗച്ചർ നം. | 22300948/28.03.24-₹196650 |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി സ്ട്രീറ്റ് ലൈൻ ഉള്ള സ്ഥലങ്ങളിൽ 230 തെരുവുവിളക്ക് സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്.

20 വാട്ട്സ് എൽ. ഇ.ഡി ലൈറ്റ് എല്ലാവിധ ഫിറ്റിംഗ് സാധനങ്ങൾ ഉൾപ്പെടെ ഫിറ്റ് ചെയ്യുന്നതിനായി 01.09.2023 ലെ എ2-2732/22 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം ക്ഷണിച്ച് ടെണ്ടറിൽ ലഭിച്ച 3 ടെണ്ടറുകളിൽ കുറഞ്ഞനിരക്കായ ₹590/-ക്വോട്ട് ചെയ്ത റിഫ്സാറ്റ് ലൈറ്റിംഗ് സൊലൂഷൻസ്, ഇടവെട്ടിയുടെ ടെണ്ടർ പഞ്ചായത്ത് കമ്മറ്റി 07.12.2023 -ന് 1/1 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ കരാർ വയ്ക്കുന്നതിനായി മുദ്രപ്പത്രം വാങ്ങി നൽകുകയും കരാർ തയ്യാറാക്കുകയും ചെയ്തിരിക്കുന്നു. എന്നാൽ കരാറിൽ ഒപ്പിടാൻ തയ്യാറാക്കാത്തിതിനാൽ കരാർ സാധുവാക്കാനായില്ല. തൊട്ടടുത്ത നിരക്ക് (₹790/-) രേഖപ്പെടുത്തിയ Digital Electronics ചെറുതോണിയുമായി നെഗോഷിയെഷൻ നടത്തുന്നതിന് ശ്രമിച്ചതായി ഫയലിൽ രേഖകളില്ല. കൂടാതെ ഈ നിരക്ക് അംഗീകരിക്കാതെ 30.12.2023ലെ എ2-2732/22 (2) നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം റീടെണ്ടർ നടത്തിയിരിക്കുന്നു. റീ ടെണ്ടറിൽ സെർജ് പ്രൊട്ടക്ടർ എന്ന അധിക ഇനം കൂടി ഉൾപ്പെടുത്തുകയും ആദ്യ ടെണ്ടറിലെ രണ്ടാം നിരക്ക് രേഖപ്പെടുത്തിയ Digital Electronics ചെറുതോണി എന്ന സ്ഥാപനത്തിന് ആദ്യ ടെണ്ടറിലെ നിരക്കിനേക്കാൾ കൂടിയ നിരക്ക് (₹950/-) രേഖപ്പെടുത്തിയത് അംഗീകരിച്ച് പ്രവൃത്തി നടത്തിയിരിക്കുന്നു. താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ആദ്യ ടെണ്ടറിലെ കരാറിൽ ഒപ്പിടാതിരുന്ന റിഫ് സാറ്റിനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. ടെണ്ടറിൽ പങ്കെടുത്ത് അംഗീകരം ലഭിച്ച റിഫ് സാറ്റിന്റെ വീഴ്ച മൂലമാണ് റീ ടെണ്ടർ നടത്തേണ്ട സാഹചര്യമുണ്ടായത്. ഈ സാഹചര്യത്തിൽ ഇതിനാവശ്യമായ ചെലവ് പൂർണ്ണമായി റിഫ് സാറ്റിൽ നിന്ന് ഈടാക്കേണ്ടതായിരുന്നു. എന്നാൽ റിഫ് സാറ്റിൽ നിന്ന് റീ ടെണ്ടർ നടത്താനാവശ്യമായ ചെലവ് തുക ഈടാക്കുവാനോ, സ്ഥാപനത്തെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നതിനോ നടപടി സ്വീകരിച്ചിട്ടില്ല.

2. എറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ സ്ഥാപനം (L1)പിൻമാറിയ സാഹചര്യത്തിൽ തൊട്ടടുത്ത നിരക്ക് (L2) രേഖപ്പെടുത്തിയ സ്ഥാപനവുമായി നെഗോസിയേഷനു ശ്രമിച്ചതിന്റെ രേഖകൾ ഫയലിലില്ല. ഈ സ്ഥാപനത്തെ ഏറ്റവും കുറഞ്ഞ നിരക്കായി പരിഗണിച്ച് ടെണ്ടർ ഉറപ്പിച്ച് കൊടുത്തിട്ടുമില്ല.

3. ആദ്യ ടെണ്ടറിലെ ഇനത്തേക്കാൾ അധികമായി സെർജ് പ്രോട്ടക്ടർ കൂടി ടെണ്ടർ കൂടി ഉൾപ്പെടുത്തി രണ്ടാം ടെണ്ടർ നടത്തിയതിന് സ്റ്റോർ പർച്ചെയ്സ് മാന്വലിലെ ഖണ്ഡിക 9 പ്രകാരമുള്ള വാങ്ങുന്ന സാധനം സംബന്ധിച്ച് വ്യക്തമായ ആസൂത്രണം വേണമെന്നുള്ള നിർദ്ദേശം പാലിച്ചിട്ടില്ല എന്ന് വ്യക്തമാകുന്നു.

4. സ്ഥാപനത്തിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ 230 സ്ട്രീറ്റ് ലൈറ്റ് സ്ഥാപിച്ചതിന്റെ തുക നൽകിയിരിക്കുന്നു. ഇതു സ്ഥാപിച്ചതു സംബന്ധിച്ച് മോണിട്ടറിംഗ് നടത്തിയതിന്റെ രേഖകളില്ല. കൂടാതെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ലൈറ്റുകൾ തന്നെയാണ് സ്ഥാപിച്ചിരിക്കുന്നത് എന്ന് ആധികാരിമായി റിപ്പോർട്ട് നൽകേണ്ട സാഥാപനം കെ.എസ്.ഇ.ബി. യാണ്. മേൽ സ്ഥാപനത്തിൽ നിന്ന് ഇത്തരത്തിലുള്ള റിപ്പോർട്ട് ലഭിച്ചിട്ടില്ല.

5. സ്ട്രീറ്റ് ലൈൻ ചാർജ്ജ് ചെയ്യാത്തതിനാൽ സ്ഥാപിച്ചിരിക്കുന്ന ലൈറ്റുകൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കാനായിട്ടില്ല. 1 വർഷത്തെ വാറണ്ടിയിൽ സ്ഥാപിച്ചിരിക്കുന്ന ലൈറ്റുകളുടെ വാറണ്ടി പീരീഡ് തീരുന്നതിന് മുൻപായി ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

6. തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആയതിനാൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവ സംബന്ധിച്ച് യാതൊരു കണക്കും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണത്തിന് (നം.21/17.08.2024) ലഭ്യമാക്കിയ മറുപടിയിൽ മീറ്ററിംഗ് സംവിധാനം പൂർത്തിയാക്കാത്തതിനാലാണ് ലൈൻ ചാർജ്ജ് ചെയ്യാത്തത് എന്നും താമസം വിനാ ഈ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതാണ് എന്നും കെ. എസ്. ഇ. ബി യുമായി ചേർന്ന് ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതിന് ശേഷം തെരുവുവിളക്ക് രജിസ്റ്റർ പൂർത്തിയാക്കുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു.

മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ ₹196650/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-23 ഓഡിറ്റ് ഇംപാക്ട്

2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ ₹500/- ഓഡിറ്റ് എൻക്വയറി നൽകിയതിൻ പ്രകാരം രസീത് നമ്പർ 1240100597/16.8.2024 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

**1-24 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - ഒഴിവാക്കപ്പെട്ട ഗുണഭോക്താവിന്റെ വിഹിതം തിരികെ ലഭിച്ചില്ല.**

പ്രോജക്റ്റ് നമ്പർ.173/24 (സ്പിൽ ഓവർ)

നിർവഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

അടങ്കൽ-₹725000/-(വികസനഫണ്ട്-പൊതുവിഭാഗം) , ₹725000/-(ഗ്രു.വി) ആകെ ₹1450000/-

ചെലവ്-₹725000/- BRN.23100552008300431900 DT.11.08.2023

ഈ പദ്ധതിയിൽ തെരഞ്ഞെടുത്ത 58 ഗുണഭോക്താക്കളുടെ പദ്ധതിവിഹിതമായ ₹725000/-(12500x58) മേൽ ബിൽ പ്രകാരം കട്ടപ്പന ഐ സി ഡി പി പ്രോജക്റ്റ് ഓഫീസറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിരിക്കുന്നു എന്നാൽ ഇതു സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ ശ്രീമതി. ഗ്രേസി ഫ്രാൻസിസ്, എലിവാലുങ്കൽ എന്ന ഗുണഭോക്താവിനെ പദ്ധതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായും ടിയാൾ ഇതുവരെയും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല എന്നും കാണുന്നു. 8/2024 ൽ അവസാനിക്കുന്ന ഈ പദ്ധതിയുടെ വിനിയോഗസാക്ഷ്യപത്രവും ചെലവാകാത്ത പദ്ധതി പണവും ഐ സി ഡി പി പ്രോജക്റ്റ് ഓഫീസറിൽ നിന്നും ലഭ്യമാക്കേണ്ടതും പദ്ധതിവിഹിതം സഞ്ചിതനിധിയിലേയ്ക്ക് തിരികെയൊടുക്കേണ്ടതുമാണ്.

**1-25 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-സാധനസാമഗ്രികളുടെ സമാഹരണം-വാങ്ങൽ ബില്ലുകളിൽ നിന്നും ജി എസ് ടി, ടി ഡി എസ് നടത്തിയതിൽ അപാകത**

കേന്ദ്ര ധന മന്ത്രാലയത്തിന്റെ 13.09.2018 ലെ വിജ്ഞാപനം നമ്പർ 50/2018- സെൻട്രൽ ടാക്സ് പ്രകാരം ജി എസ് ടി കിഴിവ് നടത്താൻ ബാധ്യസ്ഥരായ സ്ഥാപനങ്ങൾ 01.10.2018 മുതൽ സാധനങ്ങൾ വാങ്ങുകയോ സേവനങ്ങൾ സ്വീകരിക്കുകയോ ചെയ്തതിനു ശേഷം തുക അനുവദിക്കുമ്പോൾ ആകെ കരാർ തുക 2.5 ലക്ഷത്തിൽ അധികരിച്ചാൽ സ്രോതസ്സിൽ നിന്നും തുക കിഴിവ് ചെയ്യേണ്ടതാണ്. 2023-24 ൽ കോടിക്കുളം ഗ്രാമപഞ്ചായത്ത് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ നല്കി ആകെ ₹1401280/- (8ബില്ലുകളിൽ നിന്നായി) കൈപ്പറ്റിയിട്ടുള്ള അക്ഷയ് കെ. ആർ. എന്ന കരാറുകാരനിൽ നിന്നും ₹28026/-ടി ഡി എസ് നടത്തേണ്ടതുള്ളപ്പോൾ ₹11380/- (₹250000/-നു മേൽ ഇൻവോയ്സ് തുകയുള്ള രണ്ടു പ്രവൃത്തികളിൽ നിന്നും) മാത്രമാണ് ജി എസ് ടി ഇനത്തിൽ ഈടാക്കിയിട്ടുള്ളത്. ഒരു കരാറുകാരൻ പ്രസ്തുത കരാറിലൂടെ കൈപ്പറ്റുന്ന ആകെ തുകയെ അടിസ്ഥാനമാക്കി ജി എസ് ടി, ടി ഡി എസ് നടത്തുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-26 ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ഇ ടെണ്ടർ ഫീ ലഭിച്ചിട്ടില്ല- മാനുവൽ ടെണ്ടർ ഫീ തൊഴിലുറപ്പ് കണക്കിൽ കൂട്ടിയിട്ടില്ല.**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ വിവിധ ടെണ്ടർ നടപടികളിൽ മാനുവൽ ടെണ്ടറുകളിലെ ഫീസ് പഞ്ചായത്തിന്റെ തനത് ഫണ്ടിലും, ഇ ടെണ്ടർ ഫീസ് പഞ്ചായത്ത് ജോയിന്റ് ഡയറക്ടറുടെ (മുൻപ് ഡെപ്യൂട്ടി ഡയറക്ടർ) അക്കൗണ്ടിലുമാണ് നിലവിൽ

നിക്ഷേപിക്കപ്പെട്ട് വരുന്നത്. ഉത്തരവ് (കൈ) നം.93/2012/ത സ്വ ഭ വ തീയതി 31.03.2012 പ്രകാരം തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികളിൽ സാധന സാമഗ്രികളുടെ വാങ്ങലും സംഭരണവും വിനിയോഗവും സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ദർഘാസ് പ്രമാണങ്ങളുടെ വിറ്റ് വരവ് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മറ്റ് വരവുകളായി ഉൾപ്പെടുത്തി കണക്ക് സൂക്ഷിക്കേണ്ടതാണ് എന്നിരിക്കെ ഈ തുകകൾ പഞ്ചായത്തിന്റെ തനത് ഫണ്ടിലും ജോയിന്റ് ഡയറക്ടറുടെ അക്കൗണ്ടിലും സൂക്ഷിച്ചിട്ടുള്ളത് ക്രമവിരുദ്ധമായി ഓഡിറ്റ് നിരീക്ഷിക്കുന്നു. പരിഹാര നടപടി അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

## 1-27 കണക്കിൽ പെടാത്ത പണം അക്കൗണ്ടിൽ അവശേഷിക്കുന്നു.

ഗ്രാമപ്പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ SBI തൊടുപുഴ ശാഖയിലെ 0000067063612298 നമ്പർ അക്കൗണ്ടിൽ 31.03.2024 ന് ₹74838/- ചെലവഴിക്കാതെ അവശേഷിക്കുന്നതായും ഈ അക്കൗണ്ട് വർഷങ്ങളായി ഇടപാടുകൾ നടത്താത്തതാണെന്നും കണ്ടെത്തുകയുണ്ടായി.

പ്രവൃത്തി ബില്ല് തയ്യാറാക്കി അസിസ്റ്റന്റ് എഞ്ചിനിയർ റിക്വസിഷൻ മുഖേന ആവശ്യപ്പെട്ടുന്ന തുക മാത്രമാണ് എഞ്ചിനിയറുടെ അക്കൗണ്ടിലേക്ക് അനുവദിക്കപ്പെടുന്നത്. പണം അക്കൌണ്ടിൽ അവശേഷിക്കുന്നുണ്ട് എന്നതിൽ നിന്ന് അസിസ്റ്റന്റ് എഞ്ചിനിയർക്ക് ലഭിച്ച പണം യഥാസമയം അർഹരായവർക്ക്നൽകുന്നതിൽ അസിസ്റ്റന്റ് എഞ്ചിനിയർ വീഴ്ച വരുത്തിയിട്ടുണ്ട് എന്നാണ് വ്യക്തമാകുന്നത്. അസിസ്റ്റന്റ് എഞ്ചിനിയർ കാഷ്ബുക്ക് എഴുതി സൂക്ഷിക്കുന്നില്ല. അക്കൗണ്ടുകളിലെ ഇടപാടുകൾ നിരീക്ഷിക്കുന്നതിന് മറ്റ് ഏതെങ്കിലും രജിസ്റ്ററുകളും സൂക്ഷിക്കുന്നില്ല. അതിനാൽത്തന്നെ അക്കൗണ്ടിൽ വരവ് വന്ന തുകകൾ അർഹരായവർക്ക് നൽകിയോ എന്നും ബാക്കി നിൽക്കുന്ന തുക ആർക്കെല്ലാം നൽകാനുള്ളതാണ് എന്നത് സംബന്ധിച്ചും വ്യക്തമായ വിവരം ലഭ്യമല്ല.

കാഷ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതും ചെലവഴിക്കാൻ അവശേഷിക്കുന്ന തുക ഏതെങ്കിലും സ്ഥാപനത്തിനോ വ്യക്തികൾക്കോ നല്കാനുള്ളതല്ലെങ്കിൽ പഞ്ചായത്തിന് കൈമാറി വിവരം രേഖാമൂലം അറിയിക്കേണ്ടതുമാണ്.

## 1-28 ഇ ടെണ്ടർ ഫീ- പഞ്ചായത്ത് കണക്കിൽ ലഭിച്ചിട്ടില്ല

കോടിക്കുളം ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനിയർ നാളിതുവരെ ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫീ ഇനത്തിൽ ലഭിച്ച തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചീനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ട് വരുന്നത്. ഈ തുക ലഭ്യമാക്കി പഞ്ചായത്ത് തനതു ഫണ്ടിൽ ഒടുക്കേണ്ടതാണ്. ഭാവിയിൽ ഇപ്രകാരമുള്ള തുക അസിസ്റ്റന്റ് എഞ്ചിനിയറുടെ അക്കൗണ്ടിൽ തന്നെ സ്വീകരിക്കപ്പെടുന്നതിനുള്ള നടപടിക്രമം പൂർത്തീകരിക്കേണ്ടതുമാണ്. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചീനീയറിൽ നിന്നും ലഭിക്കാനുള്ള തുകയുടെ വർഷം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

| വർഷം | ലഭിക്കാനുള്ള തുക ₹ |
|---|---|
| | |

| | |
|---|---|
| 2017 | 31136 |
| 2018 | 2000 |
| 2019 | 0 |
| 2020 | 120111 |
| 2021 | 60352 |
| 2022 | 53386 |
| 2023 | 81350 |
| 2024 | 22260 |
| **ആകെ** | **370595** |

**1-29 വിഷയാധിഷ്ഠിത അവലോകനം - ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകർമ്മസേനയിലൂടെ**

കേരള സർക്കാർ നടപ്പാക്കുന്ന ഹരിത കേരള മിഷൻ പദ്ധതിയുടെ ഭാഗമായി 2017 ഒക്ടോബർ മാസത്തിലാണ് കേരളത്തിലെ തദ്ദേശ സ്ഥാപനങ്ങളിൽ ഹരിതകർമ്മസേനാ രൂപീകരണം നടന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ - മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഈ സംഘടനാ സംവിധാനം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങി പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. ഹരിതകർമ്മസേനയുടെ രൂപീകരണം സംബന്ധിച്ച 15/07/2017 ലെ 2420/2017/തസ്വഭവ ഉത്തരവിൽ പറയും പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്തി ജൈവമാലിന്യങ്ങളുടെ ഉറവിടത്തിലെ സംസ്കരണവും അജൈവമാലിന്യം ശേഖരിച്ച്, സംഭരിച്ച് റീസൈക്ലിംഗ് മേഖലയ്ക്ക് കൈമാറലും പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന വിധത്തിൽ പ്രവർത്തിച്ച് കേരളത്തെ മാലിന്യമുക്തമാക്കുകയെന്നതാണ് ഹരിതകർമ്മസേനയുടെ പ്രഥമലക്ഷ്യം.

ഗ്രാമ പഞ്ചായത്തിൽ മാലിന്യ നിർമ്മാർജ്ജനമേഖലയിൽ സർക്കാർ നിർദ്ദേശാനുസരണം രൂപീകരിച്ചിട്ടുള്ള സംവിധാനങ്ങളും, അവയിലൂടെ അനിവാര്യചുമതലകളുടെ ഭാഗമായും വാർഷിക പദ്ധതികളുടെ ഭാഗമായും മാലിന്യസംസ്ക്കരണം/നിർമ്മാർജ്ജനം ലക്ഷ്യമാക്കി നടപ്പാക്കിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളും ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ വിവരങ്ങളുടേയും നേരിട്ടുള്ള പരിശോധനയുടേയും അടിസ്ഥാനത്തിൽ അവലോകനം ചെയ്തതിൽ ബോധ്യപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു .

ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ച അടിസ്ഥാനവിവരങ്ങൾ

| | |
|---|---|
| വിസ്തീർണ്ണം | 18.92 ച.കി.മി |
| വാർഡുകൾ | 13 |
| ജനസംഖ്യ | 12952 |
| ആൾ താമസമുള്ള വീടുകളുടെ എണ്ണം | 3389 |

| | |
|---|---|
| പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | 129 |
| ഹരിതകർമ്മസേനാംഗങ്ങളുടെ എണ്ണം | 26 |

ഹരിത കർമ്മ സേനാംഗങ്ങൾ മാലിന്യവസ്തുക്കൾ ശേഖരിച്ച് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള ബോട്ടിൽ ബൂത്തുകൾ, എട്ട് മിനി എംസിഎഫുകൾ എന്നിവിടങ്ങളിലേക്ക് എത്തിക്കുകയും അവിടെ നിന്നും മെയിൻ എംസിഎഫ് ൽ എത്തിച്ച് ക്ലീൻ കേരള കമ്പനിയ്ക്ക് കൈമാറുകയുമാണ് ചെയ്യുന്നത്. ഓരോ വാർഡിലും 2 മിനി എം.സി.എഫുകളും ഒരു പ്രധാന എംസിഎഫും സ്ഥാപിച്ചിട്ടുണ്ട്. യഥാസമയം മാലിന്യം നീക്കം ചെയ്യുന്നുണ്ട്.

ഹരിതകർമ്മസേനയുടെ അടിസ്ഥാനവിവരങ്ങൾ

| വാർഡ് | കുടുംബങ്ങൾ | ഹരിതകർമ്മ സേനാംഗങ്ങൾ |
|---|---|---|
| 1 | 265 | 2 |
| 2 | 256 | 2 |
| 3 | 166 | 2 |
| 4 | 230 | 2 |
| 5 | 312 | 2 |
| 6 | 215 | 2 |
| 7 | 270 | 2 |
| 8 | 328 | 2 |
| 9 | 320 | 2 |
| 10 | 325 | 2 |
| 11 | 247 | 2 |
| 12 | 215 | 2 |
| 13 | 240 | 2 |
| ആകെ | 3389 | 26 |

<u>മാലിന്യ ശേഖരണ പ്രവർത്തനങ്ങൾ</u>

മാലിന്യ ശേഖരണത്തിന് പ്രത്യേക കലണ്ടർ തയ്യാറാക്കിയിട്ടുണ്ട്. അത് പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കപ്പെടുന്നത്. എല്ലാ ഭവനങ്ങളെയും മാലിന്യ വിമുക്തതയിൽ ഉൾപ്പെടുത്തുന്നതിന് QR Code സംവിധാനം നടപ്പാക്കി വരുന്നു. ഫലപ്രധാനമായ രീതിയിൽ മാലിന്യം നീക്കം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. മാലിന്യം നീക്കം ചെയ്യുന്നതിന് പ്രയാസങ്ങളൊന്നും അനുഭവപ്പെടുന്നില്ല. സെഗ്രിഗേഷൻ ചെയ്ത മാലിന്യം യഥാസമയം ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. എന്നാൽ ക്ലീൻ കേരളയുടെ പ്രവർത്തനം ഫലപ്രദമല്ലാത്തതിനാൽ നിലവിൽ നോർത്ത് ആംസ് സൊലൂഷൻ എന്ന കമ്പനിയുമായി പുതിയ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

<u>മാലിന്യം വേർതിരിക്കൽ</u>

ഗ്രാമപഞ്ചായത്തിൽ ഉണ്ടാകുന്ന മാലിന്യത്തിന്റെ 40% ഉറവിടത്തിൽ തന്നെ വേർ തിരിക്കുന്നു. പ്ലാസ്റ്റിക് അജൈവ മാലിന്യം തരംതിരിക്കുന്നു. പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കുവാൻ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു. പാതയോരങ്ങളിലും പൊതു സ്ഥലങ്ങളിലും ബിന്നുകൾ സ്ഥാപിച്ചിട്ടില്ല. നിവിൽ ഗ്രാമപഞ്ചായത്തിൽ ബെയിലിംഗ് മെഷ്യൻ ഇല്ല.

<u>സാമൂഹിക അവബോധം സൃഷ്ടിക്കൽ</u>

ഹരിത കർമ്മ സേനാംഗങ്ങൾ വാതിൽപ്പടി സേവനം നടത്തുന്ന സമയത്ത് ബോധവൽക്കരണം മാലിന്യ സംസ്കരണത്തെക്കുറിച്ച് ബോധവൽക്കരണം നടത്താറുണ്ട്

<u>തൊഴിൽ സൃഷ്ടിക്കൽ</u>

കോടിക്കുളം പഞ്ചായത്തിൽ 13 വാർഡുകളിലായി 26 ഹരിതകർമ്മ സേനാംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ₹5000/- മുതൽ ₹10000/- വരെ കളക്ഷനുകൾ ലഭിക്കുന്നുണ്ട്. വയബിലിറ്റി ഗ്യാപ്പ് ഫണ്ട് ഉപയോഗിക്കുന്നില്ല. അംഗങ്ങളുടെ വരുമാന വർദ്ധനയി പാഴ്വസ്തുക്കളുടെ ശേഖരണവും വില്പനയും പ്രോത്സാഹിപ്പിക്കുന്നുണ്ട്.

<u>അടിസ്ഥാന സൗകര്യങ്ങൾ</u>

കോടിക്കുളം ഗ്രാമപഞ്ചായത്തിൽ നിന്നും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവ മാലിന്യ സംസ്കരണ ഉപാധികൾ നൽകുന്നുണ്ട് ഹരിത കർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, മാസ്ക്, ഗ്ലൗസ് എന്നിവ പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങി നൽകിയിട്ടുണ്ട്. നിലവിൽ വാഹനം വാടകയ്ക്ക് എടുത്താണ് മിനി എംസിഎഫിൽ നിന്ന് എം സി എഫ് കളിലേക്ക് അജൈവമാലിന്യങ്ങൾ എത്തിക്കുന്നത്. ഹരിത കർമ്മ സേനയുടെ ഓഫീസ് എംസിഎഫിൽ തന്നെ സജ്ജീകരിച്ചിട്ടുണ്ട്.

<u>പാരിസ്ഥിതിക ആഘാതം</u>

പൊതുസ്ഥലത്ത് മാലിന്യം നിക്ഷേപിച്ച രണ്ടുപേരിൽ നിന്നും ₹15,000/- പിഴ ഇനത്തിൽ ഇടാക്കിയിട്ടുണ്ട്. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗം തടയുന്നതിനായി സ്ഥാപനങ്ങൾക്ക് നോട്ടീസ് മുഖേന അറിയിപ്പ് നൽകിയിട്ടുണ്ട്. പഞ്ചായത്ത് തല സ്ക്വാഡ് പരിശോധന നടത്തുന്നുണ്ട്. നിരത്തുകളിൽ മാലിന്യം തള്ളുന്നത് സംബന്ധിച്ച് പരാതികൾ ഒന്നും നിലവിൽ ലഭിച്ചിട്ടില്ല.

<u>ഹരിത കർമ്മ സേനയുടെ പ്രവർത്തനം</u>

കോടിക്കുളം ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലായി 26 ഹരിത കർമ്മ സേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

മാസത്തിൽ ഒരു പ്രാവശ്യം വീതം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവ മാലിന്യങ്ങൾ ശേഖരിച്ച് താൽക്കാലിക മിനി എം സി എഫ് കളിൽ സൂക്ഷിക്കുന്നുണ്ട്. ഇതിലേക്ക് ഒരു വാർഡിൽ രണ്ട് വീതം ആകെ 26 മിനി എംസിഎഫ് ക്രമീകരിച്ചിട്ടുണ്ട്. മിനി എംസിഎഫുകളിൽ നിന്നും മാസത്തിൽ ഒരു പ്രാവശ്യം എന്ന രീതിയിൽ ഈ മാലിന്യങ്ങൾ വണ്ടമറ്റത്തുള്ള എംസിഎഫിലേക്ക് കൊണ്ടുപോകുന്നു. ഇതിനായി പഞ്ചായത്ത് വാഹനം വാടകയ്ക്ക് എടുത്ത് നൽകുകയാണ് ചെയ്യുന്നത്. എംസിഎഫിൽ എത്തിക്കുന്ന പ്ലാസ്റ്റിക്

മാലിന്യങ്ങൾ പുനരുപയോഗ സാധ്യമായതും അല്ലാത്തതും ആയി തരം തിരിച്ച് സൂക്ഷിക്കുന്നു. മാലിന്യ നീക്കത്തിന് പഞ്ചായത്തുമായി വെച്ചിട്ടുള്ള ക്ലീൻ കേരള കമ്പനിക്കാണ് ഓഡിറ്റ് കാലയളവിൽ ഈ മാലിന്യങ്ങൾ നൽകി വന്നിട്ടുള്ളത് ഇപ്പോൾ നോർത്ത് ആം സൊല്യൂഷൻ എന്ന കമ്പനിയുമായിട്ടാണ് കരാർ വെച്ചിട്ടുള്ളത്.

കഴിഞ്ഞ സാമ്പത്തിക വർഷം പുനരുപയോഗ യോഗ്യമായ 2514.15 കിലോഗ്രാം മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുള്ളതാണ്. കൂടാതെ 9160 കിലോഗ്രാം പുനരുപയോഗം സാധ്യമല്ലാത്ത (ലഗസി) പ്ലാസ്റ്റിക് മാലിന്യങ്ങളും ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. പുനരുപയോഗ യോഗ്യമായ പ്ലാസ്റ്റിക് നൽകിയ ഇനത്തിൽ ₹22627/- ക്ലീൻ കേരളയിൽ നിന്നും ലഭിക്കാനുണ്ട്. ലെഗസി വേസ്റ്റ് ക്ലീൻ കേരളയ്ക്ക് കിലോഗ്രാമിന് പത്തു രൂപ നിരക്കിൽ നൽകിയ വകയിൽ ₹9600/- ചെലവഴിച്ചിട്ടുണ്ട്.

ഹരിത കർമ്മ സേനാംഗങ്ങൾക്ക് യൂസർ ഫീ ഇനത്തിൽ ₹5000 മുതൽ ₹10000/- വരെ വരുമാനം ലഭിക്കുന്നുണ്ട്. ഇതുകൂടാതെ അവർ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ സ്ക്രാപ്പുകൾ സ്വന്തം നിലയിൽ പ്രാദേശികമായി വില്പന നടത്തുന്നതിലൂടെ പ്രതിമാസം ₹500/- മുതൽ ₹3000/- വരെ അധിക വരുമാനം ലഭിച്ചു വരുന്നുണ്ട്.

ഉറവിട മാലിന്യ സംസ്കരണം

ഉറവിട മാലിന്യ സംസ്കരണത്തിനായി ഗാർഹിക റിംഗ് കംപോസ്റ്റുകൾ വിതരണം ചെയ്യുന്നതിനായി പദ്ധതി തയ്യാറാക്കി (പ്രോജക്ട് നമ്പർ 167/24) 103 യൂണിറ്റുകൾ വിതരണം നടത്തിയിട്ടുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി

എല്ലാ വാർഡിലും 2 മിനി എം സി എഫ് വീതവും വണ്ടമറ്റത്ത് ഒരു മെയിൻ എംസിഎഫും പ്രവർത്തിക്കുന്നു. റോഡ് സൗകര്യങ്ങൾ ഉണ്ട്. സ്റ്റോറേജ് ഏരിയ, സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ ശുചിമുറി എന്നിവയും ക്രമീകരിച്ചിട്ടുണ്ട്. വീടുകളിൽ നിന്നും മാസത്തിൽ ഒരു തവണ ശേഖരിക്കുന്ന മാലിന്യങ്ങൾ സൂക്ഷിച്ച് എല്ലാ മാസവും മിനി എംസിഎഫിൽ എത്തിക്കുന്നുണ്ട്.

മാലിന്യ സംഭരണ ശേഷി

പഞ്ചായത്തിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ കൈകാര്യം ചെയ്യുന്നതിന് അനുസൃതമായ വ്യാപ്തി എംസിഎഫിൽ ഉണ്ട്. അജൈവ മാലിന്യങ്ങൾ രണ്ടുമാസത്തേക്ക് സൂക്ഷിക്കാൻ സാധിക്കും. എംസിഎഫിന്റെ ആകെ വിസ്തൃതിയിൽ ടിപ്പിംഗ് ഏരിയ 15%, സ്റ്റോറേജ് ഏരിയ 25%, ഏരിയ 20% മിഷനറി ഏരിയ 10%, അന്തിമ സംഭരണ ഏരിയ 30% എന്നിവ നിലവിലുണ്ട്. മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ മാലിന്യം ഇനം തിരിക്കുന്ന തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉൾപ്പെടുന്ന മാലിന്യ സംസ്കരണ പ്രോട്ടോകോൾ സുരക്ഷ നടപടികൾ സ്വീകരിച്ചുവരുന്നു.

ദുർഗന്ധവും കീടങ്ങളെയും തടയുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. 2024-25-ൽ മാലിന്യം സ്വീകരിക്കുന്നതിന് നോർത്ത് ആംസ് സൊല്യൂഷൻസ് എന്ന ഏജൻസിയുമായി കരാറിൽ ഏർപ്പെട്ട് യഥാസമയം മാലിന്യം കൈമാറി വരുന്നു.

നിരീക്ഷണങ്ങൾ

1. ഹരിത കർമ്മ സേനാംഗങ്ങളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉത്തരവിൽ പരാമർശിച്ച പ്രവർത്തനങ്ങളിൽ അനുയോജ്യമായവ ഹരിത കർമ്മസേന മുഖേന നടപ്പിലാക്കാവുന്നതാണ്.

2. നിത്യോപയോഗ സാധനങ്ങളുടെ പുനരുപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് സ്വാപ്പ് ഷോപ്പുകൾ ആരംഭിയ്ക്കുന്നത് ലെഗസിയുടെ അളവ് കുറയ്ക്കാൻ സഹായകരമാകും.

3. റിജക്ട് മാലിന്യശേഖരണത്തിനു കൂടി യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലോ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

4. മാലിന്യം മൂലം ഉണ്ടാകുന്ന പരിസ്ഥിതി പ്രശ്നം, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ വിഷയങ്ങൾ സംബന്ധിച്ച വ്യാകുലതകളെപറ്റിയും മാലിന്യ നിർമ്മാർജ്ജനം നടത്തുന്നതിലൂടെയുള്ള അന്തസത്തയും സ്കൂൾ തലങ്ങളിൽ തന്നെ അവബോധം സൃഷ്ടിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്താവുന്നതാണ്.

5. ഗ്രാമപഞ്ചായത്തിലെ സന്നദ്ധ യുവജന സംഘടനകൾ, എൻ.എസ്.എസ് വാളണ്ടിയേഴ്സ്, മർച്ചന്റ് അസ്സോസിയേഷൻ, ഘടക സ്ഥാപനങ്ങൾ, സ്കൂൾ – കോളേജ് വിദ്യാർത്ഥികൾ തുടങ്ങിയവ മുഖാന്തിരം ക്ലീനിങ്ങ് ഡ്രൈവുകൾ നടത്താവുന്നതാണ്.

6. മാലിന്യ മുക്ത നവകേരള പ്രതിജ്ഞ, ശുചിത്വ സന്ദേശ പ്രചാരണം, വീടുകൾ കയറിയുള്ള ബോധവൽക്കരണം എന്നിവയും മാലിന്യസംസ്ക്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി ഹരിതകർമ്മ സേനയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാവുന്നതാണ്.

7. ഹരിത കർമ സേന മുഖേന ശുചിത്വ പരിപാലനം മെച്ചപ്പെടുത്തുവാൻ ഹരിത കർമ്മ സേനാംഗങ്ങൾക്ക് പ്രതിമാസം നിശ്ചിത ശമ്പളം ഏർപ്പെടുത്താവുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾ

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 170812 | സമഗ്രനെൽകൃഷി വികസനം | 170812 |
| | 2023-24 | 193628 | അനുപൂരക പോഷകാഹാരം | 193628 |
| | 2023-24 | 200000 | ഭിന്നശേഷിയുള്ളവർക്ക്സ്കോളർഷിപ്പ്. ബത്ത നൽകൽ | 200000 |
| | 2023-24 | 359594 | ലൈഫ് ഭവന നിർമ്മാണം -എസ്. സി പി | 359594 |
| | 2023-24 | 800000 | ലൈഫ് ഭവന നിർമ്മാണം -ജനറൽ | 800000 |
| | 2023-24 | 300000 | ക്ഷീരസംഘത്തിൽപാലളക്കുന്നക്ഷീരകർഷകർക്ക് പാലിന് ധനസഹായം | 300000 |
| | 2023-24 | 200000 | പാലിയേറ്റീവ് കെയർ | 200000 |
| ആകെ | | | | 2224034 |
| ഇടുക്കി ജില്ലാ പഞ്ചായത്ത് | 2023-24 | 284711 | സമഗ്രനെൽകൃഷി വികസനം | 284711 |
| | 2023-24 | 2455000 | ലൈഫ് ഭവന നിർമ്മാണം -എസ്. സി പി | 2455000 |
| | 2023-24 | 1160000 | ലൈഫ് ഭവന നിർമ്മാണം -ജനറൽ | 1160000 |
| | 2023-24 | 503197 | ക്ഷീരസംഘത്തിൽപാലളക്കുന്നക്ഷീരകർഷകർക്ക് പാലിന് ധനസഹായം | 503197 |
| | 2023-24 | 75000 | ഭിന്നശേഷിയുള്ളവർക്ക്സ്കോളർഷിപ്പ് – ബത്ത നൽകൽ | 75000 |
| ആകെ | | | | 4477908 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ തീയതി | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| പൊതുമരാമത്ത് വകുപ്പ് - ഇലക്ട്രിക്കൽ വിഭാഗം | ഇൻവെർട്ടർ സ്ഥാപിക്കൽ- ഹെൽത്ത് ഗ്രാന്റ് | ചെലാൻ നം. KL000368288202425M | 99800 | 0 | 99800 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ-വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിന് വായ്പയിനത്തിൽ ₹820000/- വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷ വായ്പ തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |

| | | | | | | | |
|---|---|---|---|---|---|---|---|
| ജവഹർ ഭവന പദ്ധതി | സ.ഉ.(സാധാ) നം.1577/15/ തസ്വഭവ. തീ.27.05.2015 | 5600000 | 1680000 | 0 | 0 | 182190 | 1680000 |
| ഭവന വായ്പ (ലൈഫ്) | ജി.ഒ.എം.എസ്. നം.110/2018 തീ.13.08.2018 | 12085000 | 7591942 | 820000 | 1253058 | - | 7158884 |

*കുറിപ്പ് : ഭവനവായ്പയുടെ തൻവർഷമെടുത്ത വായ്പ തുക ₹820000/- ആണ്. ₹1977/-, എടുത്ത വായ്പ ബാങ്കിൽ നിക്ഷേപിച്ചപ്പോൾ ലഭിച്ച പലിശയാണ്. വാർഷിക കണക്കിൽ ₹821977/- കാണിച്ചിരിക്കുന്നു.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1997-98 | 3-4 | 1999-2000 | 4-25 | ഏഴല്ലൂർ ഹരിജൻ കോളനി ശുദ്ധജല വിതരണത്തിനായി സാധനങ്ങൾ വാങ്ങിയതിൽ അപാകതകൾ |

## 4-8 ചാർജ്/സർചാർജ്ജ് നടപടിയിലൂടെ തുക ഒടുക്കിയതിന്റെ വിവരം

### (എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

### (ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./തീയതി) | സർചാർജ്ജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) |
|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
| 1 | 2001-02 | 5 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |
| 2 | 2001-02 | 6 | ശ്രീ. കെ. രാമചന്ദ്രൻ നായർ സെക്രട്ടറി | എൽ.എഫ്. 5718/06/ 06.10.2006 | 7112 | - | ഇല്ല | - |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 13037150 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 23051513 |
| ആകെ | 36088663 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 23154783 |
| നീക്കിയിരിപ്പ് | 12933880 |
| (കുറിപ്പ് – പഞ്ചായത്തിന്റെ 2022-23 വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയുള്ള വിവരങ്ങളാണ് മേൽ ചേർത്തിട്ടുള്ളത്) | |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 567450 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

– ഇല്ല –

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14(1) | 99800 | ഡോ.സാം വി ജെ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം |
| 1-14(2) | 271000 | ശ്രീ. മുജീബ് പി.കെ., സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-22 | 196650 | ശ്രീ ഷാജു മാത്യു, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | | |

| | | |
|---|---|---|
| ശ്രീ ഷാജു മാത്യു, സെക്രട്ടറി | സെക്രട്ടറി, കോടിക്കുളം ഗ്രാമപഞ്ചായത്ത് | മഞ്ചപ്പിള്ളിൽ, പെരുംപിള്ളിചിറ പി.ഒ., കുമാരമംഗലം. |
| ഡോ. സാം വി ജെ, മെഡിക്കൽ ഓഫീസർ, കുടുംബാരോഗ്യ കേന്ദ്രം | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. കോടിക്കുളം | വഴിപ്പുരയ്ക്കൽ, വെങ്ങല്ലൂർ പി.ഒ., തൊടുപുഴ, ഇടുക്കി ജില്ല. |
| ശ്രീ. മുജീബ് പി.കെ., അസി.സെക്രട്ടറി (സെക്രട്ടറിയുടെ ചുമതല) | അസി.സെക്രട്ടറി, കോടിക്കുളം ഗ്രാമപഞ്ചായത്ത് | പൊടിപാറ, വണ്ണപ്പുറം പി.ഒ. ഇടുക്കി ജില്ല. |

## 4-10 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 1996-97 | എൽ.എഫ്.ഐ.7-445/1999 തീയതി 26.09.1999 | 22 | 1, 2, 3, 4, 5, 6, 7, 8, 10, 11, 12, 13, 14, 15, 17, 18, 19, 20, 21, 22, 23,4-8 |
| 1999-2000 | എൽ.എഫ്.ഐ.7-267/03 തീയതി 27.03.03 | 24 | 1, 2, 3, 4, 5, 6,7, 8, 9, 10, 11, 12, 13, 14, 15, 16, 17, 18, 19,20, 21, 23, 26, 27 |
| 2000-01 | എൽ.എഫ്.ഐ.-7-605/02 തീയതി 13.09.05 | 21 | 2, 17, 18, 19, 22, 23, 24, 25, 26, 29, 30, 31, 32, 33, 34, 35, 36,37, 38, 39, 41 |
| 2001-02 | എൽ.എഫ്.ഐ.-9-163/04 തീയതി 07.12.05 | 4 | ഭാഗം-1, 5, 6, 7, 8, 9 |
| 2002-03 | എൽ.എഫ്.ഐ.-7-289/05 തീയതി 04.05.06 | 3 | ഭാഗം- 1, 2-1, 3-2 |
| 2003-04 | എൽ.എഫ്.ഐ.-8-278/07 തീയതി 03.07.07 | 8 | ഭാഗം- 1, 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4 |
| 2004-05 | എൽ.എഫ്.ഐ.-8-564/07 തീയതി 04.09.07 | 7 | ഭാഗം-1, 2-1, 2-2, 3-2, 3-3, 3-8, 3-9 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ. 10/1661/16/തീയതി 7.1.2017 | 1 | 3-1 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ. 10/1165/18/തീയതി 10.10.18 | 11 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ. 10/867/19/തീയതി 07.11.2019 | 14 | 1-11, 1-12, 1-14 മുതൽ 1-21 വരെ, 1-23, 1-24, 1-25,3-1 |
| 2019-20 | കെ.എസ്.എ.ഐ.ഡി.കെ. 11/390/22/തീയതി 08.04.2022 | 22 | 1-1-1, 1-1-2, 1-1-3, 1-3, 1-5, 1-8 മുതൽ 1-22 വരെ 1-24 |
| 2020-21 | കെ.എസ്.എ-ഐ.ഡി.കെ-9/833/2021 തീ. 30/09/2021 | 14 | 1-3-1, 1-10, 1-12 മുതൽ 1-18 വരെ, 1-21, 1-22 |
| 2021-22 | കെ.എസ്.എ-ഐ.ഡി.കെ-പി4/1728/22 തീ. 09/01/2023 | 12 | 1-3-5, 1-9 മുതൽ 1-13 വരെ, 1-15, 1-17, 1-20, 1-22, 1-23, 1-25 |

| | | | |
|---|---|---|---|
| 2022-23 | കെ.എസ്.എ-ഐ.ഡി.കെ-പി4/1347/23 തീ. 21.03.2024 | 11 | 1-11, 1-12, 1-14, 1-16, 1-17, 1-19, 1-20, 1-22-1, 1-22-2, 4-9, 4-10 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 4/1 dated 4/1 dated 11-06-2024 and submitted on 14-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Kodikulam Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,
I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kodikulam Grama Panchayat as on 31-03-2024

**Date: 28/09/2024** **Deputy Director**

**Kerala State Audit Department**

**Audit Report appended to the Audit Certificate of Kodikulam Grama Panchayat for the Year 2023-2024.**

**1.Major Observations**

1. Non- inclusion of notes to accounts in financial statements and non-disclosure of material facts.

2. Non Disclosure of assets and Asset Register not updated.

**2.Other Observations**

1. Cash flow statement-net increase/decrease in cash flow does not match with difference between opening balance and closing balance of cash and cash equivalents.

2. Lapsed deposits like Election Deposits included in Schedule B-7 of the Balance Sheet have not been forfeited and credited to the Panchayat Fund.
3. Lapses in making timely and accurate demand entries in respect of tax and non -tax revenue.
4. Misclassification of receipt voucher.
5. Lapses in making necessary provisions for depreciation in respect of fixed assets and work sheet not maintained.

6. Unutilized deposit amounts are not booked under B18 schedule of Balance sheet.

**അനുബന്ധം-2**
**ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം**

ഇടുക്കി ജില്ലയിലെ കോടിക്കുളം ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്